ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 03.11.2024**

## പ്രധാനവാർത്തകൾ

1. കോഴിക്കോട് റെയിൽവേ വികസനത്തിനായി 470 കോടി രൂപയും തൃശൂരിന് 393 കോടി രൂപയും അനുവദിച്ചതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

2. കെ റെയിൽ വിഷയത്തിൽ സാങ്കേതിക, പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിച്ച് പുതിയ തീരുമാനം മുന്നോട്ടുവച്ചാൽ സംസ്ഥാനവുമായി സഹകരിക്കാമെന്ന് കേന്ദ്ര മന്ത്രി അശ്വനി വൈഷ്ണവ്.

3. സവിശേഷ പരിഗണന അർഹിക്കുന്നവർക്ക് പ്രചോദനമേകുന്നതിൻറെ ഭാഗമായാണ് സംസ്ഥാന സ്കൂൾ കായിക മേളയിൽ ഇൻക്ലൂസീവ് ഇനങ്ങളെ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് മന്ത്രി വി ശിവൻകുട്ടി.

4. കാറ്ററിംഗ് യൂണിറ്റുകളുമായി ബന്ധപ്പെട്ട പരാതികളുടെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തുന്ന കർശന പരിശോധനകൾ തുടരുമെന്ന് മന്ത്രി വീണാ ജോർജ്.

5. സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് 8 ജില്ലകളിൽ മഞ്ഞ ജാഗ്രത.

RNU TVPM

6. **ISL ഫുട്ബാളിൽ കേരള ബ്ലാസ്റ്റേഴ്സ്-മുംബൈ സിറ്റി മത്സരം രാത്രി 7.30 ന്. ഇന്ത്യക്കെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിൽ ന്യൂസിലാൻഡിന് വിജയം.**

**&&&&&&&&&&&&&&&&&&**

## അശ്വിനി വൈഷ്ണവ്- തൃശ്ശൂർ- വോയിസ്

തൃശൂർ റെയിൽവേ വികസനത്തിനായി 393 കോടി രൂപ അനുവദിച്ചതായി കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൻറെ റെയിൽവേ വികസനത്തിനായുള്ള ബജറ്റ് തുക 3000 കോടി രൂപയായി ഉയർന്നതായും മന്ത്രി ചൂണ്ടിക്കാട്ടി.

(ഹോൾഡ് വോയിസ്)

ഘട്ടം ഘട്ടമായി കേരളത്തിലുടനീളമുള്ള റെയിൽപാത മെച്ചപ്പെടുത്താനുള്ള നടപടികൾ നടന്നുവരികയാണെന്ന് ശ്രീ. വൈഷ്ണവ് തൃശ്ശൂരിൽ പറഞ്ഞു. മെമു ട്രെയിനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തും. കൂടുതൽ മെമു ട്രെയിനുകൾ ഒരുക്കുന്നതിനായി നടപടികൾ സ്വീകരിക്കും. ആലപ്പുഴ റൂട്ടിൽ വന്ദേഭാരത് ആരംഭിച്ചതിനുശേഷം മറ്റു ട്രെയിനുകൾ വൈകിയോടുന്ന വിഷയത്തിൽ ബന്ധപ്പെട്ടവരുമായി ആലോചിച്ചു നടപടികൾ കൈക്കൊള്ളുമെന്നും അദ്ദേഹം പറഞ്ഞു. കെ റെയിൽ വിഷയത്തിൽ സാങ്കേതികവും പാരിസ്ഥിതികവുമായ പ്രശ്നങ്ങൾ പരിഹരിച്ച് പുതിയ തീരുമാനം മുന്നോട്ടുവെക്കാൻ തയ്യാറായാൽ സംസ്ഥാന സർക്കാറുമായി സഹകരിച്ചു മുന്നോട്ടു പോകാനാണ് കേന്ദ്ര സർക്കാരിൻറെ തീരുമാനമെന്നും ശ്രീ വൈഷ്ണവ് അറിയിച്ചു.

RNUTVPM

**&&&&&&&&&&&&&&&&&&**

## അശ്വനി വൈഷ്ണവ്- കോഴിക്കോട്

ചെന്നൈ, ബംഗളൂരു മാതൃകയിൽ കോഴിക്കോട് നഗരത്തെ ഐ ടി ഹബ്ബാക്കി മാറ്റുമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. കോഴിക്കോട് റെയിൽവേ സ്റ്റേഷൻറെ വികസന പ്രവർത്തനങ്ങൾ അവലോകനം ചെയ്ത ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു ശ്രീ വൈഷ്ണവ്. ഐ ടി ഹബ്ബ് ഒരുക്കുന്നതിനായി സ്ഥലം നിശ്ചയിച്ച്

വിശദമായ നിർദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

കോഴിക്കോട് റെയിൽവേ സ്റ്റേഷൻറെ വികസനത്തിനായി 470 കോടി രൂപയുടെ പദ്ധതിയാണ് പരിഗണിക്കുന്നത്. സ്റ്റേഷൻറെ ഇരു വശങ്ങളും യഥാക്രമം വികസിപ്പിക്കുന്നതിനൊപ്പം അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ഇന്ന് ഉച്ചയോടെ ആലുവ റെയിൽവേ സ്റ്റേഷനിലെത്തിയ കേന്ദ്രമന്ത്രി വികസന പ്രവർത്തനങ്ങൾ വിലയിരുത്തിയ ശേഷമാണ് തൃശൂർ, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകൾ സന്ദർശിച്ചത്. കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ, മുൻ കേന്ദ്ര സഹമന്ത്രി വി മുരളീധരൻ , മറ്റ് ബിജെപി നേതാക്കൾ തുടങ്ങിയവർ കേന്ദ്രമന്ത്രിയെ അനുഗമിച്ചു. സന്ദർശനം പൂർത്തിയാക്കി കോഴിക്കോട് നിന്നും കോയമ്പത്തൂരിലേക്ക് ട്രെയിൻ മാർഗം യാത്ര തിരിച്ച ശ്രീ വൈഷ്ണവ് തുടർന്ന് വിമാന മാർഗം മുബൈയിലേക്ക് യാത്ര തിരിക്കും

&&&&&&&&&&&&&&&&&&

## കേന്ദ്രമന്ത്രി- ജന്മഭൂമി

5 വർഷത്തിനകം റയിൽ യാത്രയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ജന്മഭൂമി പത്രത്തിൻറെ സുവർണ്ണജൂബിലി ആഘോഷമായ 'സ്വ' വിജ്ഞാനോത്സവം കോഴിക്കോട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വന്ദേഭാരത് സർവിസുകൾ വിജയകരമാണ്. വന്ദേ Sleeper ട്രെയിനുകൾ ഉടൻ സർവിസ് തുടങ്ങും. അമൃത് ഭാരത് സ്റ്റേഷനുകളുടെ പ്രവൃത്തി നടന്ന് വരികയാണെന്നും ശ്രീ. വൈഷ്ണവ് പറഞ്ഞു. ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, മിസോറാം മുൻ ഗവർണർ കുമ്മനം രാജശേഖരൻ, പി.ടി. ഉഷ എംപി, മുൻ കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ, തുടങ്ങിയവർ പ്രസംഗിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## തീവണ്ടി അപകടം

ഷൊർണ്ണൂരിൽ തീവണ്ടി തട്ടി പുഴയിലേക്ക് തെറിച്ചു വീണ ശുചീകരണ തൊഴിലാളിക്കായുള്ള തിരച്ചിൽ ഊർജ്ജിതം. തൊഴിലാളികളെ

ഏർപ്പെടുത്തിയ കരാറുകാരനെതിരെ ക്രിമിനൽ കേസ് ചുമത്തിയതായി ദക്ഷിണ റെയിൽവേ അറിയിച്ചു. മരിച്ചവരുടെ ആശ്രിതർക്ക് റയിൽവെ ഒരു ലക്ഷം രൂപാ വീതം നൽകും. ഇന്നലെ ഉച്ചയ്ക്കാണ് ഷൊർണൂർ പാലത്തിന് മുകളിൽ കേരള എക്സ്പ്രസ്സ് തട്ടി തമിഴ്നാട് സ്വദേശികളായ ശുചീകരണ തൊഴിലാളികൾ അപകടത്തിൽപെട്ടത്.

**&&&&&&&&&&&&&&&&&&**

## വീണാ ജോർജ്- കാറ്ററിംഗ് യൂണിറ്റുകൾ

മധ്യ കേരളത്തിൽ കാറ്ററിംഗ് യൂണിറ്റുകൾ കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ് പ്രത്യേക കർമ്മ സേനയുടെ നേതൃത്വത്തിൽ പരിശോധനകൾ നടത്തിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. കാറ്ററിംഗ് യൂണിറ്റുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന ഭക്ഷ്യവിഷബാധയും പരാതികളും ഉയരുന്ന സാഹചര്യത്തിലായിരുന്നു പരിശോധന. പാലക്കാട്, തൃശൂർ, എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകൾ കേന്ദ്രീകരിച്ച് 151 സ്ഥാപനങ്ങളിലാണ് പരിശോധന നടത്തിയത്. ലൈസൻസില്ലാതെയും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായും പ്രവർത്തിക്കുന്ന 8 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. കർശന പരിശോധനകൾ തുടരുമെന്നും മന്ത്രി വ്യക്തമാക്കി.

RNU TVPM

**&&&&&&&&&&&&&&&&&&**

## പ്രിയങ്ക ഗാന്ധി- വയനാട്

വയനാട്ടിലെ UDF സ്ഥാനാർഥി പ്രിയങ്ക ഗാന്ധി മാനന്തവാടിയിൽ പൊതുയോഗത്തെ അഭിസംബോധന ചെയ്യു. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും പ്രിയങ്കയുടെ പ്രചാരണ പരിപാടിയിൽ പങ്കെടുത്തു. ഗാന്ധി പാർക്കിലെത്തിയ ഇരുവരും ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തി. വയനാട്ടിലെ LDF സ്ഥാനാർഥി സത്യൻ മൊകേരിയുടെ പ്രചാരണത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ ബുധനാഴ്ച കൽപ്പറ്റയിലെത്തും. NDA സ്ഥാനാർത്ഥി നവ്യ ഹരിദാസിന്റെ

പ്രചാരണത്തിനായി BJP സംസ്ഥാന അധ്യക്ഷൻ K സുരേന്ദ്രൻ ഇന്നലെ ജില്ലയിലെത്തിയിരുന്നു.

&&&&&&&&&&&&&&&&&&

## ചേലക്കര- ഇൻട്രോ

ചേലക്കര മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് അങ്കം മുറുകി. ജനങ്ങളെ നേരിൽ കണ്ട് വോട്ടുകൾ തേടുന്നതിനുള്ള തിരക്കിലാണ് സ്ഥാനാർത്ഥികൾ. മൂന്ന് മുന്നണി സ്ഥാനാർത്ഥികളും 3 സ്വതന്ത്ര സ്ഥാനാർത്ഥികളുമാണ് മത്സര രംഗത്ത് ഉള്ളത്.

ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്
തയ്യാറാക്കിയ റിപ്പോർട്
(വോയിസ്)

&&&&&&&&&&&&&&&&&&

## ഐ എസ് എൽ

ISL ഫുട്ബാളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് - ഒഡിഷ എഫ് സി മത്സരം ഗുവാഹത്തിയിൽ പുരോഗമിക്കുന്നു. രാത്രി 7.30 ന് മുംബൈയിൽ നടക്കുന്ന മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സും-മുംബൈ സിറ്റിയും ഏറ്റുമുട്ടും.

RNU TVPM

&&&&&&&&&&&&&&&&&&

## ടെസ്റ്റ് ക്രിക്കറ്റ്

ഇന്ത്യക്കെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പര ന്യൂസിലാൻഡ് 3-0 ന് സ്വന്തമാക്കി. മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിൽ നടന്ന മൂന്നാം ടെസ്റ്റിൽ ഇന്ത്യയെ 25 റൺസിന് പരാജയപ്പെടുത്തിയാണ് പരമ്പര ന്യൂസിലാൻഡ് തൂത്തുവാരിയത്. 147 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ 121ന് എല്ലാവരും പുറത്തായി. 1955-ന് ശേഷം ഇന്ത്യയിൽ ആദ്യമായാണ് ന്യൂസിലാൻഡ് ടെസ്റ്റ് പരമ്പര നേടുന്നത്. 12 വർഷത്തിന് ശേഷം സ്വന്തം തട്ടകത്തിൽ ഇന്ത്യയുടെ ആദ്യ ടെസ്റ്റ് പരമ്പര തോൽവിയാണിത്.

&&&&&&&&&&&&&&&&&&

## സംസ്ഥാന സ്കൂൾ കായികമേള

ഒളിമ്പിക്സ് മാതൃകയിൽ കേരളത്തിൽ ആദ്യമായി സംഘടിപ്പിക്കുന്ന സംസ്ഥാന സ്കൂൾ കായികമേളക്ക് നാളെ എറണാകുളത്ത് തുടക്കമാകും. ഈ മാസം 11 വരെയാണ് കായികമേള അരങ്ങേറുന്നത്. കായികമേളക്ക് മുന്നോടിയായുള്ള ദീപശിഖ പ്രയാണവും വാഹന ജാഥയും വിവിധ ജില്ലകളിൽ സ്വീകരണം ഏറ്റുവാങ്ങിയ ശേഷം നാളെ എറണാകുളം തൃപ്പൂണിത്തുറയിൽ സംഗമിക്കും. 1600 ഓളം ഭിന്നശേഷി കുട്ടികൾ ഉൾപ്പെടെ ഇരുപതിനായിരത്തോളം കായിക പ്രതിഭകളാണ് ഇത്തവണ മേളയിൽ പങ്കെടുക്കുന്നത്.

&&&&&&&&&&&&&&&&&&

## വി ശിവൻകുട്ടി

സവിശേഷ പരിഗണന അർഹിക്കുന്നർക്ക് പ്രചോദനവും ആത്മവിശ്വാസവുമേകി മുന്നോട്ടു കൊണ്ടുവരാനാണ് സർക്കാർ ലക്ഷ്യമെന്നും ഇതിൻ്റെ ഭാഗമായാണ് സംസ്ഥാന സ്കൂൾ കായിക മേളയിൽ ആദ്യമായി ഇൻക്ലൂസീവ് ഇനങ്ങളെ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും മന്ത്രി വി ശിവൻകുട്ടി. ഇൻക്ലൂസീവ് സ്പോർട്സ് ഒഫിഷ്യൽസിനുള്ള ഏകദിന ശിൽപശാല എറണാകുളത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികളെയും മറ്റു കുട്ടികളെയും ഉൾപ്പെടുത്തി തയ്യാറാക്കിയ ഇൻക്ലൂസീവ് സ്പോർട്സ് മാന്വലിൻ്റെ അടിസ്ഥാനത്തിലാണ് വിവിധ അത്‌ലറ്റിക്സ് ഗെയിംസ് ഇനങ്ങളിൽ കുട്ടികളെ പരിശീലിപ്പിച്ചിട്ടുള്ളത്.

&&&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് 8 ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ അധികൃതരുടെ നിർദേശാനുസരണം

RIU TVPM

സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറി താമസിക്കണമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു.

**&&&&&&&&&&&&&&&&&&**
**&&&&&&&&&&**
**&&&**

RNU TVPM